# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4233 — 12/11/2019-ൽ മറുപടിക്ക്

**ഗാർഹിക ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി. പണം ഈടാക്കുന്നത് സംബന്ധിച്ച്**

| | ചോദ്യം<br><br>**ശ്രീ.എസ്.ശർമ്മ** | | മറുപടി<br><br>**ശ്രീ. എം.എം.മണി**<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഭവന പുനർ നിർമ്മാണത്തെ തുടർന്ന് വൈദ്യുതി ഉപഭോഗം വർദ്ധിക്കുകയും സിംഗിൾ ഫേസ് കണക്ഷനിൽ നിന്നും ത്രീ ഫേസ് കണക്ഷനിലേയ്ക്ക് മാറ്റം ആവശ്യമായി വരികയും ചെയ്യുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും സ്ലാബ് മാറ്റുന്ന ഇനത്തിൽ വാങ്ങുന്ന 5000 രൂപ കൂടാതെ വൈദ്യുതി പോസ്റ്റ്, ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും പണം ഈടാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഭവന പുനർനിർമ്മാണത്തെത്തുടർന്നു സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസിലേയ്ക്ക് മാറ്റുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സ്ലാബ് മാറ്റുന്ന ഇനത്തിൽ വാങ്ങുന്ന തുകയ്ക്ക് പുറമെ, സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസിലേയ്ക്ക് മാറ്റുന്നതിനു വേണ്ടി പുതുതായി ലൈൻ വലിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ഉപഭോക്താവിനു വേണ്ടി ചെയ്യുന്ന പ്രവൃത്തി ആയതിനാൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസൃതമായുള്ള തുക കൂടി അടയ്ക്കേണ്ടതായി വരും. |
| (ബി) | വൈദ്യുതിയുടെ ഉപയോഗത്തിന് അനുസരിച്ച് പണം അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വീണ്ടും വൈദ്യുതി പോസ്റ്റ്, ലൈൻ എന്നിവ സ്ഥാപിക്കുന്ന ഇനത്തിൽ പണം വാങ്ങുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ